A

शिक्षा का अधिकार
सर्व शिक्षा अभियान
सब पढ़ें सब बढ़ें

GI 706

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2016–17

സമയം: 2 മണിക്കൂർ

ക്ലാസ്സ് : 7

## അടിസ്ഥാനശാസ്ത്രം

ആകെ പോയിന്റ് : 40

---

### *അധ്യാപകർക്കുള്ള നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് സമാശ്വാസ സമയം നൽകണം. ഈ സമയം കുട്ടികൾ ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കട്ടെ.
2. ആകെ പോയിന്റ് 40. ഓരോ ചോദ്യത്തിനും (ഒബ്ജക്ടീവ് ടൈപ്പ് ഉൾപ്പെടെ) 5/4/3/2/1 എന്നീ രീതിയിൽ പോയിന്റ് കണക്കാക്കി a/b/c/d/e എന്നിങ്ങനെ നിലവാരസൂചകങ്ങൾ നൽകണം.
3. എല്ലാ ചോദ്യത്തിന്റെയും നിലവാര സൂചകങ്ങൾ പരിഗണിച്ച് 5 പോയിന്റ് ശതമാന പട്ടിക ഉപയോഗിച്ച് ഓവറോൾ ഗ്രേഡ് നൽകണം. (A/B/C/D/E) ഗ്രേഡിംഗ് സൂചകങ്ങൾ ചുവടെ നൽകുന്നു.

---

**പ്രവർത്തനം –1**

**പഠനനേട്ടം**

സംയോജിത കൃഷിയുടെ സാധ്യതകൾ കണ്ടെത്താൻ കഴിയുന്നു. വിവിധതരം കൃഷികളും മൃഗസംരക്ഷണം ഉൾപ്പെടെയുള്ള അനുബന്ധ പ്രവർത്തനങ്ങളും സംയോജിതകൃഷിയിൽ ഫലപ്രദമാണ് എന്ന ധാരണയോടെ വിശദീകരിച്ചിട്ടുണ്ട്.

1. • നെൽകൃഷിയിൽ നിന്ന് നെല്ല് ലഭിക്കുന്നു. വൈക്കോൽ കാലിത്തീറ്റയായി ഉപയോഗിക്കുന്നു.

• കാലിവളർത്തലിലൂടെ കൃഷിനിലം ഒരുക്കൽ, കൃഷിയിടത്തിൽ വേണ്ട ചാണകം, ബയോഗ്യാസിനുള്ള ചാണകം എന്നിവ ലഭ്യമാക്കാനും കഴിയുന്നു.

• ജൈവാവശിഷ്ടങ്ങൾ പ്രയോജനപ്പെടുത്തി ബയോഗ്യാസ് പ്ലാന്റ് പ്രവർത്തിക്കുന്നു. ഇന്ധനം ലഭിക്കുന്നു.

(ഇത്തരത്തിൽ 3 പ്രസക്തമായ നിഗമനങ്ങൾക്ക് 3 സ്കോർ)

2. • പച്ചക്കറിത്തോട്ടത്തിലെ പൂക്കളിൽ നിന്ന് തേനീച്ചയ്ക്ക് തേൻ ശേഖരിക്കാം.

• ചില പച്ചക്കറിയിനങ്ങളിൽ തേനീച്ച പരാഗണത്തിന് സഹായിക്കുന്നു.

(പ്രസക്തമായ 2 നിഗമനങ്ങൾക്ക് 2 സ്കോർ)

പ്രവർത്തനം -2

പഠനനേട്ടം

വിവിധതരം ദർപ്പണത്തിന്റെ സവിശേഷതകൾ കണ്ടെത്താൻ കഴിയുന്നു.

1. ദർപ്പണത്തിന്റെ സവിശേഷത പ്രതിബിംബത്തിന്റെ സവിശേഷത എന്നിവ തിരിച്ചറിഞ്ഞ് ശരിയായി ചിത്രം വരച്ച് പട്ടിക പൂർത്തിയാക്കിയിട്ടുണ്ട്

മൂന്നിനം ദർപ്പണങ്ങളും പ്രത്യേകതകളും പ്രതിപാദിച്ചിട്ടുണ്ട്. സ്കോർ 3

രണ്ടിനം ദർപ്പണങ്ങളും പ്രത്യേകതകളും പ്രതിപാദിച്ചിട്ടുണ്ട്. സ്കോർ 2

ഏതെങ്കിലും ഒരിനം ദർപ്പണവും പ്രത്യേകതകളും പ്രതിപാദിച്ചിട്ടുണ്ട്. സ്കോർ 1

2. കോൺകേവ് ദർപ്പണം സ്കോർ 1

3. ഉചിതമായ രണ്ട് സന്ദർഭങ്ങൾ

( കോൺവെക്സ് ദർപ്പണം - റിയർവ്യൂ മിറർ, കോൺകേവ് ദർപ്പണം - ഷേവിങ് മിറർ മുതലായവ) സ്കോർ 1

പ്രവർത്തനം - 3

പഠനനേട്ടം

സ്കൂളിലേയും വീട്ടിലേയും പച്ചക്കറിതോട്ടങ്ങൾ ശാസ്ത്രീയമായി പരിപാലിക്കാൻ കഴിയുന്നു. മണ്ണിനെ ദോഷകരമായി ബാധിക്കുന്ന കൃഷി രീതികൾ തിരിച്ചറിഞ്ഞ് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കാൻ കഴിയുന്നു.

1 • പയർ - ലോല, മാലിക, ഭാഗ്യലക്ഷ്മി, ജ്യോതിക

• വെണ്ട - കിരൺ, അൾക്ക, അനാമിക, സൽകീർത്തി സ്കോർ 2

2 പ്രസക്തമായ മൂന്ന് നിർദ്ദേശങ്ങൾക്ക് 3 സ്കോർ

(ജൈവവളം, ജൈവ കീടനാശിനി, ജൈവീക നിയന്ത്രണം)

പ്രവർത്തനം - 4

പഠനനേട്ടം

ദർപ്പണങ്ങളുടെ പ്രവർത്തനതത്വം തിരിച്ചറിഞ്ഞ് വിവിധ സന്ദർഭങ്ങളിൽ ഉപയോഗിക്കാനുള്ള ശേഷി നേടുന്നു

1. പ്രകാശത്തിന്റെ പാത വരച്ച് ദർപ്പണങ്ങൾ അനുയോജ്യമായ വിധത്തിൽ യഥാസ്ഥാനത്ത് ചിത്രീകരിച്ചിട്ടുണ്ട്. സ്കോർ 2

2. സമതലദർപ്പണം സ്കോർ 1

3. സമതലദർപ്പണത്തിന്റെ സവിശേഷതകൾ ശരിയായി രേഖപ്പെടുത്തിയിട്ടുണ്ട്. (അതേ വലുപ്പം, നിവർന്നത്, മിഥ്യ, അകലം, പാർശ്വികവിപര്യയം ഏതെങ്കിലും 2 എണ്ണം) സ്കോർ 2

**പ്രവർത്തനം – 5**

**പഠനനേട്ടം**

പ്രകാശത്തിന്റെ സവിശേഷതകൾ തിരിച്ചറിഞ്ഞ് വിശദീകരിച്ചിട്ടുണ്ട്.

1. • ആവശ്യമായ സാമഗ്രികൾ തിരിച്ചറിഞ്ഞിട്ടുണ്ട്. സ്കോർ 1

   • ശരിയായ പ്രക്രിയ വിശദീകരിച്ച് പരീക്ഷണം രൂപകല്പന ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. സ്കോർ 1

   • ശരിയായി ചിത്രികരിച്ചിട്ടുണ്ട്. സ്കോർ 1

2. • പ്രകീർണനം എന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. സ്കോർ 1

   • വിശദീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. സ്കോർ 1

**പ്രവർത്തനം – 6**

**പഠനനേട്ടം**

പതിവയ്ക്കൽ, കൊമ്പ് ഒട്ടിക്കൽ, മുകുളം ഒട്ടിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയുന്നു.

1. ഗ്രാഫ്റ്റിംഗ് ലെയറിംഗ് എന്നിവയ്ക്ക് ഏതെല്ലാം സസ്യങ്ങളാണ് അനുയോജ്യം എന്ന ധാരണയുണ്ട്.

   ഗ്രാഫ്റ്റിംഗ് : മാവ്, പ്ലാവ്

   ലെയറിംഗ് : പേര, മുല്ലവള്ളി സ്കോർ: 2

2. ഗുണങ്ങൾ/ദോഷങ്ങൾ പ്രതിപാദിക്കുന്ന മൂന്നു പ്രസ്താവനകൾക്ക് സ്കോർ 3

   ഗുണങ്ങൾ/ദോഷങ്ങൾ പ്രതിപാദിക്കുന്ന രണ്ടു പ്രസ്താവനകൾക്ക് സ്കോർ 2

   ഗുണങ്ങൾ/ദോഷങ്ങൾ പ്രതിപാദിക്കുന്ന ഒരു പ്രസ്താവനയ്ക്ക് സ്കോർ 1

പ്രവർത്തനം - 7

പഠനനേട്ടം

ആസിഡുകൾ കാർബണേറ്റുകളുമായി പ്രവർത്തിക്കുമ്പോൾ കാർബൺഡൈഓക്സൈഡ് സ്വതന്ത്രമാവുന്നു.

1. • മെഴുകുതിരി ജ്വാല അണയുന്നു. സ്കോർ 1

• ആസിഡ് കാർബണേറ്റുമായി പ്രവർത്തിക്കുമ്പോൾ കാർബൺഡൈ ഓക്സൈഡ് ഉണ്ടാവുന്നതു കൊണ്ട് സ്കോർ 2

2 •ചുണ്ണാമ്പുകല്ല്/മുട്ടത്തോട്/തുടങ്ങി ശരിയായ വസ്തുക്കൾ സ്കോർ 1

3. •വിനാഗിരി/നേർപ്പിച്ച സൾഫ്യൂരിക്കാസിഡ് തുടങ്ങി ശരിയായ 2 വസ്തുക്കൾ

സ്കോർ 1

പ്രവർത്തനം - 8

പഠനനേട്ടം

ആസിഡ് ആൽക്കലി എന്നിവയെ നിറംമാറ്റത്തിലൂടെ തിരിച്ചറിയാൻ സഹായിക്കുന്ന വസ്തുക്കളാണ് സൂചകങ്ങൾ.

1. A,B,D,E എന്നിവ 2 സ്കോർ

2. ഫിനോൾഫ്തലിൻ, ലിറ്റ്മസ് 1 സ്കോർ

3. • മഞ്ഞൾ, ബീറ്റ്റൂട്ട്, ചെമ്പരത്തി എന്നിവ ഉരച്ച പേപ്പർ തുടങ്ങി ഉചിതമായ രണ്ടു പ്രകൃതിദത്ത സൂചകങ്ങൾ സ്കോർ 1

• നിറംമാറ്റത്തെക്കുറിച്ചുള്ള വിശദീകരണത്തിന് സ്കോർ 1